Draft #1 of File 681/AC A8-1/2021/AC A 8 Approved by ASSISTANT REGISTRAR II (ACADEMIC) on 11-Jan-2021 11:54 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

സർവകലാശാലാ പഠന വകുപ്പുകളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 183/AC A 8/2021/എം.ജി.യു        പ്രിയദർശിനി ഹിൽസ്,തീയതി: 11.01.2021

---

*പരാമർശം:-*ഡിഎസ് യു ജനറൽ സെക്രട്ടറി 04/01/21-ൽ സമർപ്പിച്ച നിവേദനം

## ഉത്തരവ്

കോവിഡ് 19 മഹാമാരിയെ തുടർന്ന് അടച്ചിട്ടിരുന്ന സർവ്വകലാശാലാ പഠന വകുപ്പുകളിൽ ക്ലാസുകൾ പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കേണ്ട കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഡിപാർട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ജനറൽ സെക്രട്ടറി സമർപ്പിച്ച മേൽ പരാമർശം പ്രകാരമുള്ള നിവേദനം പരിഗണിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ച് വൈസ്ചാൻസിലർ ഉത്തരവിട്ടിട്ടുണ്ട്.

1. സർവകലാശാലയിൽ ഒരു കോവിഡ്-19 പ്രതിരോധ സമിതി പ്രൊ-വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ രൂപീകരിക്കേണ്ടതാണ്. പ്രസ്തുത സമിതിയിൽ അദ്ധ്യാപക, വിദ്യാർത്ഥി, അനദ്ധ്യാപക പ്രതിനിധികൾ, മെഡിക്കൽ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തേണ്ടതും പ്രസ്തുത സമിതിയുടെ ശുപാർശകൾ പ്രകാരം കാമ്പസിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതുമാണ്.
2. എല്ലാ പഠന വകുപ്പുകളുടെയും പ്രവേശന കവാടത്തിൽ ഹാന്റ് സാനിറ്റൈസർ ലഭ്യമാക്കുന്നതിന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുന്നു. ഇതിനായുള്ള ചെലവുകൾ വകുപ്പിന്റെ അനുവദനീയമായ ഭരണചെലവിൽ നിന്നും കണ്ടെത്തേണ്ടതാണ്.
3. അടിയന്തിര സാഹചര്യങ്ങളിൽ ആശുപത്രിയിലേക്ക് ആളെ എത്തിക്കുന്നതിനുള്ള ആംബുലൻസ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഹെൽത്ത് ഡിപ്പാർട്ട്മെന്റുമായി ചേർന്ന് സജ്ജീകരണം ഉണ്ടാക്കാൻ കഴിയുമോ എന്നത് പരിശോധിക്കുന്നതിന് എസ്റ്റേറ്റ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.
4. ഹോസ്റ്റൽ മെസ്സുകൾ പ്രവർത്തനമാരംഭിക്കുന്ന സാഹചര്യത്തിൽ ഹോസ്റ്റൽ അന്തേവാസികൾ മെസ്സിൽ നിന്നും മാത്രം ഭക്ഷണം കഴിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. ഹോസ്റ്റലുകളിൽ പുറത്തു നിന്നുള്ള ഭക്ഷണ വിതരണം പൂർണ്ണമായും വിലക്കുന്നു.
5. മെസ്സുകളിലെ ഭക്ഷണ വിതരണ രീതി എപ്രകാരമായിരിക്കണമെന്നത് ബന്ധപ്പെട്ട മെസ്സ് സമിതികൾക്ക് തീരുമാനിക്കാവുന്നതാണ്.
6. സൈരന്ധ്രി ഹോസ്റ്റലിൽ മൂന്നും, പല്ലന ഹോസ്റ്റലിൽ രണ്ടും, സിംഗിൾ റൂമുകൾ അത്യാവശ്യ സന്ദർഭങ്ങൾക്കായി ഒഴിച്ചിടേണ്ടതാണ്.
7. വിദ്യാർത്ഥികൾക്കായി ബസ് സൗകര്യം ഏർപ്പെടുത്തുന്നത് ബിരുദാനന്തരബിരുദ ക്ലാസ്സുകൾ ആരംഭിച്ച ശേഷം ആവശ്യകത പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1, എല്ലാ പഠന വകുപ്പ് മേധാവികൾക്കും
2, വിസി/പിവിസി എന്നിവരുടെ പിഎസ്
3, രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പിഎ
4, ജെആർ/ഡിആർ/എആർ (അക്കാദമിക്)
5, എസ്റ്റേറ്റ് ഓഫീസർ
6, ഡിഎസ്എസ്/ജനറൽ സെക്രട്ടറി,ഡിഎസ്എസ്
7, ഐക്യുഎസി/സിഎംഎസ്,എ ഡി ബി 7
8, സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം